**46 (359) അബ്കാരി നയം**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവണ്മെന്റിന്റെ മദ്യനയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) 2000-2001 സാമ്പത്തിക വർഷത്തേക്കുള്ള സർക്കാരിന്റെ ലേല നയം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കള്ളുഷാപ്പുകൾ സംസ്ഥാനത്ത് ഉടനീളം മൂന്ന്വർഷത്തേയ്ക്ക് ഒന്നിച്ച് ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ബാറുകളുടെ ലൈസൻസ് ഫീ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഇ) പുതിയതായി ബാറുകൾ അനുവദിച്ചിട്ടുണ്ടോ; ഇതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബാറുകൾ തുടങ്ങി;

(ജി) 1999-2000 വർഷത്തിൽ കള്ള്, വിദേശമദ്യം, ബാർ എന്നിവയിൽ നിന്നായി ലഭിച്ച വരുമാനം എത്ര എന്നും വിശദമാക്കുമോ?

ഉത്തരം

(എ)(ബി),(സി)&(ഡി) 2000-2001 വർഷത്തെ അബ്കാരി നയം തീരുമാനമായിട്ടില്ല. മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം.

(ഇ)&(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) 1999-2000 വർഷത്തിൽ കള്ള്, വിദേശമദ്യം, ബാർ എന്നിവയിൽ നിന്നും ഇതുവരെ, 255,90,38,530 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

**47 (360) വർക്കലയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ്**

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് അനുവദിക്കണമെന്ന് കാണിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു തീരുമാനമെടുത്തെന്ന് വ്യക്തമാക്കുമോ;

(സി) വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് അനുവദിക്കാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 63 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) നിവേദനം ലഭിച്ചിട്ടുണ്ട്. വർക്കലയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**48 (361) പുതുതായി അനുവദിച്ച ബാറുകളും ഡിസ്റ്റിലറികളും**

<u>ശ്രീ. ടി.എം. ജേക്കബ്</u> :
<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> :
<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> :
<u>ശ്രീ. ജോണി നെല്ലൂർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബാറുകളും ഡിസ്റ്റിലറികളും അനുവദിച്ചു എന്നും എത്ര ബാറുകളുടെ ലൈസൻസുകൾ പുതുക്കി നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ നൽകിയിട്ടുള്ള ബാറുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ലൈസൻസ് പുതുക്കി നൽകിയ ബാറുകൾ 2000 മാർച്ച് 31 നുശേഷം പ്രവർത്തിപ്പിക്കുവാൻ പാടില്ല എന്നു സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഓരോ ഡിസ്റ്റിലറിയും ആവശ്യമായ അസംസ്കൃത വസ്തുക്കൾ എവിടെനിന്നാണ് ലഭ്യമാക്കുന്നത്;

(ഇ) പാലക്കാട് ജില്ലയിൽ എത്ര ഡിസ്റ്റിലറിക്കും ബിയർ ഉൽപ്പാദന സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്;

(എഫ്) കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളുടെയും ബിയർ നിർമ്മാണ ഫാക്ടറികളുടേയും ലൈസൻസികൾ ആരെല്ലാം ആണ് എന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 13 പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ട്. പ്രവർത്തനം മുടങ്ങിക്കിടന്നിരുന്ന 16 എണ്ണം പുതുക്കി നൽകിയിട്ടുണ്ട്. ഡിസ്റ്റിലറികൾക്ക് പുതിയതായി ലൈസൻസ് ഒന്നും അനുവദിച്ചിട്ടില്ല.

(ബി) പുതിയ ബാറുകൾ

തിരുവനന്തപുരം-3, കൊല്ലം-2, കോട്ടയം-2, ആലപ്പുഴ-1, ഇടുക്കി-2, എറണാകുളം-1. കോഴിക്കോട്-2

പുതുക്കിയ ബാറുകൾ (മുടങ്ങി കിടന്നവ)

തിരുവനന്തപുരം-2, ഇടുക്കി-2, എറണാകുളം-5, തൃശൂർ-6, വയനാട്-1

(സി) ഹൈക്കോടതി വിധിക്കെതിരെ വിവിധ കക്ഷികൾ സുപ്രീം കോടതിയിൽ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ അവർ സ്വയം പിൻവലിച്ചു. അതിനുശേഷം അവർ നൽകിയ അപേക്ഷകൾ കമ്മീഷണർ പരിശോധിച്ച് ചട്ടം 24 സംബന്ധിച്ച് ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിൽ നിരാകരിച്ചു. അതിനെതിരെ പരാതിക്കാർ വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റൊരുത്തരവ് ഉണ്ടാക്കുന്നതുവരെ ടി ബാറുകൾക്ക് പ്രവർത്തിക്കുവാൻ അനുവാദം നൽകിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly